# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.936** **05.02.2020 ലെ മറുപടി**

### കക്കാടം പൊയ്യയിൽ ചീങ്കണിപാലയിലെ തടയണ

**ചോദ്യം**

**ശ്രീ.എ.പി.അനിൽകുമാർ :**

**മറുപടി**

**കെ.കൃഷ്ണൻകുട്ടി**
**(ജലവിഭവ വകുപ്പുമന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| (എ) മലപ്പുറം ജില്ലയിലെ കക്കാടം പൊയ്യയിൽ ചീങ്കണിപാലയിൽ അബ്ദുൽ ലത്തീഫിന്റെ ഭൂമിയിൽ തടയണ നിർമ്മിച്ചത് അനുമതി തേടാതെയാണോയെന്നറിയുമോ; | (എ) കക്കാടം പൊയ്യയിൽ ചീങ്കണ്ണിപാലയിൽ അബ്ദുൽ ലത്തിഫിന്റെ ഭൂമിയിൽ തടയണ നിർമ്മാണത്തിനായി ഇറിഗേഷൻ വകുപ്പ് അനുമതികളൊന്നും നൽകിയിട്ടില്ല. |
| (ബി) എങ്കിൽ അനധികൃതമായി തടയണ നിർമ്മിച്ച പ്രസ്തുത വ്യക്തിക്കെതിരെ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ? | (ബി) ഏറനാട് താലൂക്കിൽ വെറ്റിലപ്പാറ വില്ലേജിലെ ചീങ്കണ്ണിപ്പാലയിലെ അനധികൃത തടയണ നിർമ്മാണവുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലാ കളക്ടറുടെ 08/12/2017 ലെ ബി2/37277/2015 നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത തടയണയുടെ പ്രവൃത്തി മൈൻസ് ആന്റ് മിനറൽസ് (ഡവലപ്പമെന്റ് ആന്റ് റഗുലേഷൻ) ആക്ട് 1957, കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് .2003 എന്നിവയ്ക്ക് വിരുദ്ധമായതിനാൽ ഡിസാസ്റ്റർ മാനേജ്മെന്റ് നിയമത്തിലെ വകുപ്പ് 34(കെ) പ്രകാരം നടപടി സ്വീകരിക്കാനും ഡിസാസ്റ്റർ മാനേജമെന്റ് നിയമത്തിലെ 30 (i), 30 (iii), 33 , 34 (h), (k), (m) പ്രകാരം തടയണ 14 ദിവസത്തിനുള്ളിൽ മലപ്പുറം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മേൽ നോട്ടത്തിൽ പൊളിച്ചുമാറ്റാൻ ഉത്തരവായിരുന്നു. മേൽ ഉത്തരവിനെതിരെ പരാതിക്കാരൻ ബഹു. മാനപ്പെട്ട ഹൈക്കോടതിയിൽ പരാതി സമർപ്പിക്കുകയും തുടർന്ന് ബഹു. |

ഹൈക്കോടതി അനധികൃത തടയണ പൊളിക്കുന്നത് താൽക്കാലികമായി തടഞ്ഞുകൊണ്ട് ഉത്തരവാകുകയും ചെയ്തു. തുടർന്ന് അനധികൃത തടയണയുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്ന തിലേക്കായി ബഹു.ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉൾപ്പെടെയുള്ള ജില്ലയിലെ വകുപ്പ് മേധാവികൾ ഉൾപ്പെട്ട ഒരു ജില്ലാ വിദഗ്ദ്ധ സമിതി രൂപീകരിച്ചു. ബഹു.ഹൈക്കോടതിയുടെ 16.08.2019 ലെ ഡബ്ല്യു.പി.സി നമ്പർ 41156/2017, ഡബ്ല്യു. പി. (സി) നമ്പർ.9553/2018 എന്നീ കേസുകളിലെ ഉത്തരവ് പ്രകാരം മൺസൂൺ സീസണിൽ തന്നെ തടയണ പൊളിച്ചുമാറ്റുന്നതിലേക്കായി ബഹു.ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഇറിഗേഷൻ വകുപ്പിലേയും മൈനിംഗ് ആൻറ് ജിയോളജി വകുപ്പിലേയും ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പരിശോധന നടത്തി നടപടി സ്വീകരിക്കുവാനും അനധികൃത തടയണ പൊളിക്കുന്നതിനുള്ള ചെലവ് ശ്രീ.അബ്ദുൾ ലത്തീഫ്.സി.കെ. എന്നവരിൽ നിന്ന് വസൂലാക്കാനും ഉത്തരവായിട്ടുണ്ട്. തുടർന്ന് ഏറനാട് തഹസീൽദാരുടെയും മറ്റും നേതൃത്വത്തിൽ പരിസ്ഥിതിക്ക് കോട്ടം വരാതെയും, വെള്ളത്തിന്റെ സ്വാഭാവിക ഒഴുക്കിനെ തടസ്സപ്പെടുത്താത്ത വിധത്തിലും തടയണ പൊളിച്ചുമാറ്റിയിട്ടുണ്ട്.

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**